നമ്പർ: **R6-4560/11**

മുനിസിപ്പൽ ആഫീസ്
തിരുവല്ല, തീയതി: **19.09.2011**

# വിജ്ഞാപനം

തിരുവല്ലാ നഗരസഭയുടെ വക സ്റ്റേഡിയം, ഗ്രൗണ്ട്, മറ്റ് പൊതുസ്ഥലങ്ങൾ എന്നിവയുടെ പരിപാലനവും വാടകയ്ക്ക് നല്കലും സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച **കരട് ബൈലോ** 25.07.2011ലെ 2–ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ആയത് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് എന്തെങ്കിലും ആക്ഷേപമോ അഭിപ്രായമോ ഉണ്ടെങ്കിൽ ആയത് 30 ദിവസത്തിനുള്ളിൽ നഗരസഭാ കാര്യാലയത്തിൽ നേരിട്ടും, **secretarytvla@yahoo.com** എന്ന വിലാസത്തിൽ ഇ–മെയിൽ ചെയ്യാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾ നഗരസഭാ റവന്യൂ വിഭാഗത്തിൽ നിന്നും കൂടാതെ നഗരസഭയുടെ ഔദ്യോഗിക വെബ്സൈറ്റായ **www.thiruvallamunicipality.in** നിന്നും അറിയാവുന്നതാണ്.

**മുനിസിപ്പൽ സെക്രട്ടറി**

**പകർപ്പ്:–** **ആഫീസ് നോട്ടീസ് ബോർഡ്**
**ലൈബ്രറി നോട്ടീസ് ബോർഡ്**
**ബഹു: ചെയർപേഴ്സന്റെ മേശപ്പുറത്ത്**

# തിരുവല്ല നഗരസഭ

## <u>തിരുവല്ല നഗരസഭ വക സ്റ്റേഡിയം, ഗ്രൗണ്ട്, മറ്റു പൊതുസ്ഥലങ്ങൾ ഇവയുടെ പരിപാലനവും വാടകയ്ക്ക് നൽകലും സംബന്ധിച്ച ബൈലോ</u>

**1994–ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിന്റെ 567–ാം വകുപ്പിന്റെ 11–ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് തിരുവല്ല നഗരസഭ തയ്യാറാക്കിയ ഉപനിയമം.**

**1) <u>ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും</u>**

1. ഈ നിയമാവലിയ്ക്ക് "തിരുവല്ല നഗരസഭ സ്റ്റേഡിയവും, ഗ്രൗണ്ടുകളും പൊതു സ്ഥലങ്ങളും പരിപാലനവും വാടകയ്ക്ക് നൽകലും നിയമം 2011 "എന്നു പേര് പറയും.
2. ഇത് നഗരപ്രദേശത്തുള്ള നഗരസഭയുടേതായ സ്റ്റേഡിയവും, ഗ്രൗണ്ടുകളും മറ്റ് പൊതുസ്ഥലങ്ങളും ആകുന്നു.
3. ഇത് സർക്കാർ അംഗീകരിച്ച് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

**<u>2) നിർവ്വചനങ്ങൾ</u>** – ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം

1. **'സെക്രട്ടറി'** എന്നാൽ തിരുവല്ല നഗരസഭാ സെക്രട്ടറി എന്നും, മുനിസിപ്പൽ എൻജിനിയർ, റവന്യൂ ആഫീസർ എന്നിവർ കാലാകാലങ്ങളിൽ ടി തസ്തികകളിലേക്ക് നിശ്ചയിക്കപ്പെടുന്ന ഉദ്യോഗസ്ഥരുമാണ്.
2. **'സ്റ്റേഡിയം'** എന്നാൽ തിരുവല്ല നഗരസഭ വക സ്റ്റേഡിയം ആകുന്നു.
3. **'ഗ്രൗണ്ട്'** എന്നാൽ തിരുവല്ല നഗരസഭ പ്രൈവറ്റ് ബസ് സ്റ്റാന്റിനു കിഴക്കുവശമുള്ളതും, വൈ.എം.സി.എ.യ്ക്ക് കിഴക്കുവശമുള്ളതുമായ സ്ഥലങ്ങളാണ്.
4. **'പൊതുസ്ഥലങ്ങൾ'** എന്നാൽ ഗ്രൗണ്ട് ഒഴികെ നഗരസഭയ്ക്ക് ഉള്ള മറ്റു സ്ഥലങ്ങൾ എന്ന് അർത്ഥമാകുന്നു.
5. **'മുനിസിപ്പാലിറ്റീസ് ആക്ട്'** എന്നത് 1994–ലെ കേരളാ മുനിസിപ്പാലിറ്റി നിയമം എന്നാകുന്നു.
6. ഈ നിയമാവലിയിൽ പ്രതിപാദിച്ചിരിക്കുന്ന **'കൗൺസിൽ'** എന്നത് തിരുവല്ല നഗരസഭ കൗൺസിൽ എന്നും ചെയർപേഴ്സൺ എന്നത് അതാതുകാലം തെരഞ്ഞെടുക്കപ്പെടുന്ന നഗരസഭാദ്ധ്യക്ഷനോ/അദ്ധ്യക്ഷയോ ആയിരിക്കും.
7. **'കലാപരിപാടി'** എന്നാൽ 1961ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ആക്ട് (1961–ലെ 20–ാം നമ്പർ ആക്ട്) 1963–ലെ പി.പി.ആർ ആക്ടും (1963ലെ 40–ാം നമ്പർ ആക്ട്) പ്രകാരം അംഗീകാരം ലഭിച്ചവർക്കും/ലഭിച്ചവയും നാടകം, മാജിക്, ഗാനം, നൃത്തം, കഥാപ്രസംഗം മറ്റ് കലാപരിപാടികൾ/കലാരൂപങ്ങൾ വിവിധയിനം എക്സിബിഷൻ, ഫിലിംഷോ തുടങ്ങിയവ ഉൾപ്പെടുന്നതും ഇതര പരിപാടികൾ എന്നത് പൊതുയോഗങ്ങൾ, വിവാഹം, ചടങ്ങുകൾ, സമ്മേളനങ്ങൾ തുടങ്ങിയവും ആയിരിക്കും.
8. **കായിക പരിപാടികൾ** എന്നാൽ കോളജ്, സ്കൂൾ കായികമേള, വിവിധ ടൂർണമെന്റുകൾ (ക്രിക്കറ്റ്, ഫുട്ബോൾ ഉൾപ്പെടെയുള്ള) വിവിധ ഗെയിമുകൾ എന്ന് അർത്ഥമാകുന്നു.

9. ഈ നിയമാവലിയിൽ പ്രതിപാദിച്ചിരിക്കുന്ന “പരസ്യം” എന്നാൽ താല്ക്കാലികമായി വലിച്ചുകെട്ടുന്ന ബാനർ, പരിപാടി നടക്കുന്ന സ്ഥലങ്ങളിൽ വാഹനങ്ങളിൽ പ്രദർശിപ്പിക്കുന്ന പരസ്യം, താല്ക്കാലിക ഷെഡ്ഡുകളിൽ സ്ഥാപിക്കുന്ന ബോർഡുകൾ ഉൾപ്പെടെയുള്ള പരസ്യമാകുന്നു.

10. “ഫീസ്/വാടക നിരക്കുകൾ” എന്നാൽ നഗരസഭ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വാടക/ഫീസുകൾ എന്നർത്ഥമാകുന്നു.

## 3. ഉദ്ദേശ ലക്ഷ്യങ്ങൾ

1. തിരുവല്ല നഗരസഭ അതിർത്തിക്കുള്ളിലുള്ള സ്കൂളുകളിലേയും കോളേജുകളിലെയും വിദ്യാർത്ഥിനി/വിദ്യാർത്ഥികളുടെ കലാ കായിക വൈദഗ്ദ്ധ്യം വളർത്തിയെടുക്കുന്നതിനും നഗര പ്രദേശത്തെ ജനങ്ങളുടെ മാനസികോല്ലാസത്തിനും വേണ്ടിയാണ് നഗരസഭയുടെ ആഭിമുഖ്യത്തിൽ ഇത്തരം ഒരു സ്റ്റേഡിയം പണിതീർത്തത്. എന്നാൽ ഇതിന്റെ ദൈനംദിന പരിപാലനത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വളരെയധികം തുക ചെലവാകുന്ന സാഹചര്യത്തിൽ ഇതിനായി ഒരു ഫണ്ട് കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ഉപനിയമം ചമച്ചിട്ടുള്ളത്.

## 4. നിയമസാധ്യത

1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 567-ാം വകുപ്പനുസരിച്ച് ബൈലോകളോ 568-ാം വകുപ്പു പ്രകാരം റെഗുലേഷനുകളോ ഉണ്ടാക്കുന്നതിന് കൗൺസിലുകൾക്ക് അധികാരമുണ്ട്. ഈ അധികാരം ഉപയോഗിച്ച് ഈ ബൈലോ ഉണ്ടാക്കിയിട്ടുള്ളതിനാൽ ഇതിന് നിയമപരമായ സാധുത ഉള്ളതായിരിക്കും.

## 5. ചുമതല

സ്റ്റേഡിയം, ഗ്രൗണ്ട്, മറ്റ് പൊതുസ്ഥലങ്ങൾ ഇവയുടെ “എസ്റ്റേറ്റ് ആഫീസറായി” കാലാകാലങ്ങളിൽ നഗരസഭയിൽ നിയോഗിക്കപ്പെടുന്ന റവന്യൂ ആഫീസർ പ്രവർത്തിക്കേണ്ടതാണ്.

## 6. നിബന്ധനകൾ

(a) “പ്രതിദിനം” എന്നാൽ രാവിലെ 6 മണി മുതൽ 24 മണിക്കൂർ മാത്രമായിരിക്കും.

(b) മുനിസിപ്പൽ സ്റ്റേഡിയം/ഗ്രൗണ്ട്/മറ്റ് നഗരസഭ വക പൊതുസ്ഥലങ്ങൾ ആവശ്യമുള്ളവർ അങ്ങനെയുള്ള ആവശ്യത്തിന് 10 ദിവസം മുൻപെങ്കിലും കാലാകാലങ്ങളിൽ നഗരസഭ നിശ്ചയിക്കുന്ന നഗരസഭയിൽ നിന്നും വില്പന നടത്തുന്ന നിശ്ചിത ഫാറത്തിൽ നിശ്ചിത കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നിരുന്നാലും ടി സ്ഥലങ്ങൾ ഒഴിവുള്ളപക്ഷം കുറഞ്ഞ കാലയള വിലും അപേക്ഷ സ്വീകരിക്കുന്നതാണ്.

(c) അപേക്ഷയോടൊപ്പം ഈ ബൈലോയിൽ എന്തുതന്നെ പറഞ്ഞിരുന്നാലും കൗൺസിൽ പ്രത്യേകം തുക നിശ്ചയിച്ചിട്ടുണ്ട് എങ്കിൽ ആ തുകയും ഡെപ്പോസിറ്റും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള/ നിശ്ചയിക്കുന്ന നികുതിയും ഒടുക്കിയിരിക്കണം.

(d) സ്റ്റേഡിയം/ഗ്രൗണ്ട്/മറ്റ് പൊതുസ്ഥലങ്ങൾ എന്നിവ വാടകയ്ക്ക് എടുക്കുന്നവർ നഗരസഭയുടെ മുൻകൂർ അനുവാദം ഇല്ലാതെ ടി സ്ഥലത്തോ സമീപത്തോ യാതൊരു പോസ്റ്ററുകളും പരസ്യവും പ്രദർശിപ്പിക്കുവാൻ പാടില്ലാത്തതാണ്.

അനുമതി വാങ്ങി സ്ഥാപിക്കുന്ന എല്ലാ പരസ്യങ്ങളും വാടകകരാർ അവസാനി ക്കുന്ന സമയം സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്.

(e) നഗരസഭ വക ഇലക്ട്രിക് കണക്ഷനിൽ (കണക്ഷൻ ഉള്ള സ്ഥലങ്ങളിൽ) നിന്നും വൈദ്യുതി ഉപയോഗിക്കുന്ന പക്ഷം ഉപയോഗിക്കുന്ന ഓരോ യൂണി റ്റിനും 15/- രൂപ ക്രമത്തിൽ കൗൺസിൽ മറിച്ച് തീരുമാനം എടുത്തിട്ടില്ലായെ ങ്കിൽ ഒടുക്കേണ്ടതാണ്.

(f) സ്റ്റേഡിയത്തിനുള്ളിൽ യാതൊരുവിധത്തിലുള്ള കുഴികളോ മണ്ണിളകുന്ന മറ്റു പ്രവൃത്തികൾ നടത്തുന്നതിനോ വാഹനങ്ങൾ പ്രവേശിക്കുന്നതിനോ അനുവദി ക്കുന്നതല്ല. സ്റ്റേഡിയത്തിനുള്ളിലുള്ള ക്രിക്കറ്റ് പിച്ചിനോ മറ്റ് പുൽത്തകിടി കൾക്കോ പവിലിയനോ യാതൊരു കേടുപാടുകളും സംഭവിക്കാതെ നോക്കേണ്ട താണ്. ഏതെങ്കിലും വിധത്തിൽ നാശനഷ്ടം സംഭവിച്ചാൽ ആയതിനുള്ള നഷ്ടപരിഹാരത്തുക സെക്യൂരിറ്റിയേക്കാൾ കൂടുതലാണെങ്കിൽ ആയത് കക്ഷിയിൽ നിന്നും ഈടാക്കുവാൻ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കും. ഗ്രൗണ്ടിലോ പൊതുസ്ഥലങ്ങളിലോ താൽക്കാലിക നിർമ്മാണങ്ങൾ മാത്രമേ നടത്തുവാൻ പാടുള്ളു. പരിപാടിയ്ക്കുശേഷം ഗ്രൗണ്ട് പൂർവ്വസ്ഥിതിയിലാക്കേ ണ്ടതാണ്. സ്റ്റേഡിയം/ഗ്രൗണ്ട്/പൊതുസ്ഥലങ്ങൾ വാടകയ്ക്ക് എടുക്കുന്നവർ 100/–രൂപ വിലയുള്ള മുദ്രപത്രത്തിൽ (സർക്കാർ നിയമത്തിൽ മാറ്റം വരുത്തിയിട്ടില്ല എങ്കിൽ) ഉടമ്പടി ഹാജരാക്കേണ്ടതാണ്.

(f1) ഇത്തരം താൽക്കാലിക നിർമ്മാണങ്ങൾക്ക് നഗരസഭയിൽ നിന്നും പ്രത്യേകം അനുമതി വാങ്ങിയിരിക്കണം.

(f2) സ്റ്റേഡിയം/ഗ്രൗണ്ടുകൾ/മറ്റു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നടത്തുന്ന പരിപാടികൾക്ക് ആവശ്യമായ പി.പി.ആർ മറ്റ് ലൈസൻസുകൾ എന്നിവ പ്രത്യേകം വാങ്ങിയിരിക്കണം.

(g) ജനറേറ്റർ ഉൾപ്പെടെ ഏതെങ്കിലും ഉപകരണം വാടകയ്ക്ക് എടുക്കേണ്ടി വന്നാൽ ആയത് സ്വന്തം ചെലവിൽ നിർവ്വഹിക്കേണ്ടതാണ്. ഏതെങ്കിലും സമയം വൈദ്യുതി തടസ്സമുണ്ടായാൽ ആയതിന് നഗരസഭ ഉത്തരവാദിയായിരി ക്കുന്നതല്ല.

(h) വൈദ്യുതി ചാർജ്, വെള്ളക്കരം, ക്ലീനിംഗ് ചാർജ് ഇവ സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്.

(i) നഗരസഭ വക സ്റ്റേഡിയം/ഗ്രൗണ്ട്/മറ്റ് പൊതുസ്ഥലങ്ങൾ ഇവ നഗരസഭയ്ക്കോ സർക്കാരിനോ മറ്റേതെങ്കിലും പൊതുപരിപാടികൾക്കോ അടിയന്തിരമായി ഉപയോഗിക്കേണ്ടി വരുന്നപക്ഷം, ആ ദിവസങ്ങളിലെ ബുക്കിംഗ് എത്ര മുൻകൂട്ടി ബുക്ക് ചെയ്തിരുന്നതാണെങ്കിൽപോലും റദ്ദുചെയ്യുന്നതിന് കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(j) ടി സ്ഥലങ്ങൾ ബുക്ക് ചെയ്ത് കഴിഞ്ഞാൽ റദ്ദു ചെയ്യുമ്പോൾ വാടക തിരികെ നൽകുന്നതല്ല. എന്നാൽ ബുക്കിംഗ് ഇല്ലാത്ത മറ്റേതെങ്കിലും ദിവസത്തേക്ക് മാറ്റുന്നതിന് കുറഞ്ഞത് 10 ദിവസം മുൻപെങ്കിലും അപേക്ഷ സമർപ്പിക്കുകയാ ണെങ്കിൽ 25% അധികവാടക ഈടാക്കി നൽകുന്നതാണ്.

(k) സെക്യൂരിറ്റി തുക തിരികെ ലഭിക്കുന്നതിന് ഉപയോഗം കഴിഞ്ഞശേഷം നിശ്ചിത ഫാറത്തിലുള്ള റീഫണ്ട് വൗച്ചർ, അസ്സൽ രസീത് ഇവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതും മുനിസിപ്പൽ എൻജിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ റവന്യൂ ഓഫീസറുടെ ശുപാർശ പ്രകാരം തിരികെ നൽകുന്നതാണ്.

(l) കലാപരിപാടികൾ നടത്തുമ്പോൾ ആവശ്യമായ അനുവാദം നിശ്ചിത ടാക്സ്/ ഫീസുകൾ ഒടുക്കി വാങ്ങേണ്ടതാണ്. സ്റ്റേഡിയമോ/ഗ്രൗണ്ടോ അനുവദിച്ചത് പരിപാടികൾ നടത്തുന്നതിനുള്ള അനുമതിയായി കണക്കാക്കുവാൻ പാടില്ലാത്ത താണ്. ടി പരിപാടികളുടെ നോട്ടീസും പോസ്റ്ററുകളും ഹാജരാക്കുവാൻ ആവശ്യപ്പെടുന്നതിന് സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കും.

(m) പരിപാടികൾ കാണുന്നതിനും നടത്തുന്നതിനും എത്തുന്ന വാഹനങ്ങൾ പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് അനുവദിച്ച് നൽകിയിട്ടുള്ള സ്ഥലങ്ങളിൽ പാർക്ക് ചെയ്താൽ ഫീസ് നൽകുന്നതിന് ബാധ്യസ്ഥനായിരിക്കും.

(n) സർക്കാർ പരിപാടികൾക്കും നഗരസഭ നേരിട്ടു നടത്തുന്ന പരിപാടികൾക്കും ആവശ്യമെങ്കിൽ വാടക ഒഴിവാക്കി നൽകുന്നതിന് കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(o) ഗ്രൗണ്ടിലോ സ്റ്റേഡിയത്തിലേക്കോ ആവശ്യമായി വരുന്ന ഫർണിച്ചറുകളും മറ്റ് ഉപകരണങ്ങളും വാടകക്കാരൻ സ്വന്തം ചെലവിൽ കൊണ്ടുവരേണ്ടതാണ്.

(p) ഗ്രൗണ്ടിൽ താൽക്കാലിക പന്തൽ നിർമ്മിക്കേണ്ടി വന്നാൽ ആയത് അപേക്ഷ കരുടെ സ്വന്തം ചെലവിൽ ആയിരിക്കേണ്ടതും നഗരസഭയിൽ നിന്നും ആവശ്യ മായ അനുമതി വാങ്ങിയിരിക്കേണ്ടതുമാണ്.

(q) എക്സിബിഷനുകൾ പ്രദർശനങ്ങൾക്ക് നഗരസഭയുടേയോ മറ്റ് ഇതര വകുപ്പു കളുടേയോ ലൈസൻസോ അനുമതിയോ ആവശ്യമായി വന്നാൽ ആയത് സ്വന്തം ചെലവിൽ വഹിക്കേണ്ടതും ലഭ്യമാക്കേണ്ടതുമാണ്.

(r) പ്രദർശനം മറ്റ് പരിപാടികൾ എന്നിവ നടക്കുന്ന സ്ഥലങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായി ഒഴിവാക്കേണ്ടതും, അവശിഷ്ടങ്ങൾ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്.

(s) പരിപാടി കഴിഞ്ഞാലുടൻ തന്നെ എല്ലാ താൽക്കാലിക നിർമ്മാണങ്ങളും സ്വന്തം ചെലവിൽ അഴിച്ചുമാറ്റി നഗരസഭാ ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തേണ്ടതാണ്.

(t) ക്ലീനിംഗ് ചാർജ്ജും വാട്ടർ ചാർജ്ജും ഓരോ വർഷത്തിലും നഗരസഭ തീരുമാനി ക്കുന്നതാണ്.

## സ്റ്റേഡിയം, ഗ്രൗണ്ട്

## ഭേദഗതികൾ

### (2) നിർവചനങ്ങൾ

(3) ‘ഗ്രൗണ്ട്’ എന്നാൽ നഗരസഭ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സ്ഥലങ്ങളാണ് എന്ന് ചേർക്കേണ്ടതാണ്. . (പേജ്: 1)

(8) **‘കായികമേള’** എന്നാൽ നഗരസഭ തീരുമാനിക്കുന്ന കായിക പരിപാടികൾ എന്ന് ചേർക്കേണ്ടതാണ്. (പേജ്: 2)

(f) സ്റ്റേഡിയം/ഗ്രൗണ്ട്/പൊതുസ്ഥലങ്ങൾ വാടകയ്ക്ക് എടുക്കുന്നവർ കാലാകാലങ്ങ ളിൽ സർക്കാർ നിശ്ചയിക്കുന്ന മൂല്യമുള്ള മുദ്രപത്രത്തിൽ ഉടമ്പടി ഹാജരാക്കേണ്ട താണ് എന്ന് ചേർക്കേണ്ടതാണ്. (പേജ്: 3)

<u>സ്റ്റേഡിയം നൽകുന്നതിന് ഈടാക്കുന്ന ദിവസ വാടക നിരക്കുകൾ ചുവടെ പറയും പ്രകാരം ചേർക്കേണ്ടതാണ്. (പേജ്: 5)</u>

| | |
|---|---|
| കലാപരിപാടികൾ, ഗാനമേള, നൃത്തനൃത്ത്യങ്ങൾ, നാടകം, മാജിക് ഷോ, ഫിലിംഷോ | വാടക – 50000/- രൂപ<br>സെക്യൂരിറ്റി – 20000/- രൂപ |
| യോഗം/സമ്മേളനം<br><br>വിവാഹം | വാടക – 50000/- രൂപ<br>സെക്യൂരിറ്റി – 20000/- രൂപ<br><br>വാടക – 5000/- രൂപ<br>സെക്യൂരിറ്റി – 2000/- രൂപ (പന്തലിടാനോ, വാഹനം പ്രവേശിപ്പിക്കാനോ പാടില്ല) |
| കായിക പരിപാടികൾ, നഗരസഭ പരിധിയിലുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകൾ / കോളേജുകൾ | വാടക – 2000/- രൂപ<br>സെക്യൂരിറ്റി – 1000/- രൂപ |
| നഗരസഭ പരിധിയിലുള്ള സ്കൂളുകളും/ കോളേജുകളും ഉൾപ്പെടെയുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ | വാടക – 5000/- രൂപ<br>സെക്യൂരിറ്റി – 1000/- രൂപ |
| നഗരസഭ പരിധിക്കു പുറത്തുള്ള സർക്കാർ സ്ക്കൂളുകൾ/ എയ്ഡഡ് സ്ക്കൂളുകൾ/ കോളേജുകൾ/ പോളിടെക്നിക്കുകൾ | വാടക – 5000/- രൂപ<br>സെക്യൂരിറ്റി – 1000/- രൂപ |
| സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെട്ട പരിപാടികൾ, മറ്റ് അംഗീകൃത സംഘടനകളുടെ കായിക പരിപാടികൾ | കൗൺസിൽ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്ക് |

<u>ബസ് സ്റ്റാൻഡിനു കിഴക്കുള്ള ഗ്രൗണ്ട്/ വൈ.എം.സി.എ യ്ക്ക് എതിർവശം</u>

| | |
|---|---|
| എക്സിബിഷൻ/ ഫ്ളവർഷോ | വാടക – 5000 രൂപ ( ഒരു ദിവസം മാത്രം) |
| സമ്മേളനം | വാടക – 3 മണിക്കൂർ വരെ 500/- രൂപ<br>3 മണിക്കൂർ മുതൽ 5 മണിക്കൂർ വരെ 1000 രൂപ<br>Note: ഒന്നിലധികം പേർക്ക് ഒരേ സമയം ഭാഗികമായി നൽകി ഓരോരുത്തരിൽ നിന്നും 3000 രൂപ വീതം ഈടാക്കാവുന്നതാണ്. |

**<u>ടൗൺ ഹാൾ, കമ്മ്യൂണിറ്റി ഹാൾ</u>**

5. **<u>ചുമതല:</u>** ടൗൺ ഹാളിന്റേയും കമ്മ്യൂണിറ്റി ഹാളുകളുടേയും എസ്റ്റേറ്റ് ആഫീസറായി കാലാകാലങ്ങളിലായി നിയോഗിക്കപ്പെടുന്ന റവന്യു ഓഫീസർ പ്രവർത്തിക്കേണ്ടതാണ്. (പേജ്: 2)

15. ടൗൺഹാൾ നൽകുന്നതിന് ഈടാക്കുന്ന നിരക്കുകൾ

| | |
|---|---|
| വിവാഹം/ അടിയന്തിരം (മുഴുവൻ സമയം) | വാടക, സെക്യൂരിറ്റി, ക്ലീനിംങ്ങ് ആൻഡ് കറണ്ട് ചാർജ്ജ് -2000+1000+1000 |
| രാഷ്ട്രീയം/ സാമൂഹികം/ സാംസ്കാരികം | 1500+500+1000 |

NB: വാടകയിലും മറ്റു നിരക്കുകളിലും കാലാകാലങ്ങളിൽ ഉചിതമായ വർധനവ് വരുത്തുന്നതിന് – കൗൺസിലിന് അധികാരമുണ്ടായിരിക്കും. (പേജ്: 3)

എജെ/